

എറണാകുളം മിസ്സൻ

VOL. I. ഏപ്രിൽ ൧൯൨൨. No. VII.

വിഷയവിവരം.

		പക്ഷം.
൧.	അ. ഉ. കർദ്ദിനാൾ ഗസ്പാരിയുടെ എഴുത്തു	൧൩൧
൨.	ഇടയലേഖനങ്ങൾ: I നമ്മുടെ അമ്മ. II മാർ യൌ സെപ്പുപിതാവു്. III വേദോപദേശംമുതലായ്തു്	൧൩൩
൩	ബന്ധവിമോചനങ്ങൾ	൧൩൭
൪	മനസ്സുതിരിവുസംബന്ധിച്ച വരവു ചിലവു	൧൩൯
൫	അപ്പൊസ്തോലിക്കു് യൂണിയൻ	൧൪൩
൬	വേദപ്രചാരസംഘം	൧൪൫
൭	കുറിപ്പുകൾ	൧൪൭

എറണാകുളം മിസ്സം.

Vol. I ഏപ്രിൽ 1922. No. VII.

പരിശുദ്ധപിതാവ്

ഫ്രാൻസീസ് മാപ്പാപ്പാ

തിരുമനസ്സിലേക്ക് നമ്മുടെ മെത്രാനച്ചനവർകൾ ഈ വികാരിയാത്തിനു തിരുമനസ്സിലെനേക്കുള്ള സ്നേഹബഹുമാനാദരങ്ങളെ കാണിച്ചു അയച്ച എഴുത്ത് തിരുമനസ്സുകൊണ്ടു സന്തോഷപൂർവം സ്വീകരിച്ചുവെന്നും മെത്രാനച്ചനവർകൾക്കും ഈ വികാരിയാത്തിൽപ്പെട്ട മറെറല്ലാവക്കും തിരുമനസ്സിലെ പിതൃസ്നേഹ സൂചകമായി ആശീർവ്വാദം തന്നിരിക്കുന്നുവെന്നും അറിയിച്ച് തിരുമനസ്സിലെ സെക്രട്ടരി അ. ഉ. ഗാസ്പാരി കർദ്ദിനാൾ അവർകൾ അയച്ചതന്ന എഴുത്ത് താഴെ ചേർക്കുന്നു.

DAL VATICANO, die 22 Martii 1922.

SEGRETERIA DI STATO
DI SUA SANTITA.

No. 1303.
DA CITARSI NELLA RISPOSTA.

Illme ac Revme Domine,

Suave tibi nuper fuit BEATISSIMO PATRI, vixdum ad Supremi Pontificatus Apicem evecto, officiosas dare litteras, quibus non modo tuam tuorumque pietatem Eidem gratulando declarabas, sed etiam felicia et salutaria omnia precabaris.

Id accidit SANCTITATI SUAE gratum sane acceptumque; eo magis quod probe novit quo ex animo haec amoris significatio profecta sit.

Itaque paterna admodum caritate haec officia et vota rependit AUGUSTUS PONTIFEX; ac vicissim lectissima quaeque tibi a Deo implorans, imprimisque ut fructuosissimam tuam reddat pastoralem sollertiam, in auspicium caelestium munerum itemque ut benevolentiae pignus. Apostolicam Benedictionem tibi universoque gregi ac populo tuis curis credito, effuso animo impertit.

Ego vero, sensus existimationis maximae erga te meae profiteor, quibus sum et permanere gaudeo.

Amplitudini Tuae Addictissimus
P. CARD. GASPARRI.

Illmo et Revmo Domino
Dno. AUGUSTINO KANDATHIL
EPISCOPO TIT. ARADENSI
eidemque Vicario Apostolico Ernaculamensi
ERNACULAM.

No. 29.

ദൈവകൃപയാലും

ശ്ലീഹാപ്പട്ടത്ത സിംഹാസനത്തിന്റെ മനോഹരണത്താലും

എറണാകുളം വികാരി അപ്പസ്തോലിക്കയാകുന്ന

നാം

കണ്ടത്തിൽ ആഗസ്തീനോസ്

ആരാട് എന്ന ദിക്കിന്റെ മെത്രാൻ.

നമ്മുടെ അധികാരത്തിൽപെട്ട പള്ളികളിലെ ബ. വികാരിമാക്കും, അസിസ്റ്റെന്തിമാക്കും, ശേഷം പട്ടക്കാക്കും, കൊവേന്തകളുടെ ബ. ശ്രേഷ്ഠന്മാക്കും, മറു സന്ന്യാസാന്തസ്സുകാക്കും, വിശ്വാസികൾം എല്ലാവക്കും നമ്മുടെകത്താവീശോ മ്ശിഹായിൽ സുസ്ഥതയും വാഴ്വും.

ബ. സഹോദരരെ, പ്രിയ മക്കളെ,

നമ്മുടെ ദിവ്യരക്ഷകൻ തന്റെ പീഡാനുഭവത്തിന്റെ തലെ രാത്രി ശ്ലീഹന്മാരോടു ചെയ്ത സംഭാഷണത്തിൽ അവരെ ആശ്വസിപ്പിച്ചുകൊണ്ട് ഇപ്രകാരം അരുളിച്ചെയ്തുണ്ടായി: "ഞാൻ നിങ്ങളെ അനാഥരാക്കി വിട്ടുംവച്ചുപോകയില്ല". വിശുദ്ധകുബ്ബാന സ്ഥാപിച്ച് അതുവഴിയായി നമ്മുടെ ഇടയിൽ രാപകൽ അധിവസിച്ചുകൊണ്ട് കത്താവു തന്റെ ഈ വാഗ്ദത്തം നിറവേറ്റി. എന്നാൽ വേറൊരു വിധത്തിൽ കൂടി അതു നിറവേറീട്ടുണ്ട്. അവിടുന്ന് ലോകത്തിന്റെ പാപപരിഹാരമായി കുരിശിൽതൂങ്ങിക്കിടക്കുകയിൽ ദുഃഖിതയായി അരികെ നിന്നിരുന്ന തന്റെ ദിവ്യമാതാവിനെ മൂണ്ടിക്കാണിച്ചുകൊണ്ട് പ്രിയപ്പെട്ട ശിഷ്യനായ യോഹന്നാനോടു "ഇതാ നിന്റെ അമ്മ" എന്നരുളിച്ചെയ്തു. വിശുദ്ധ യോഹന്നാൻ ആ സമയത്തു സകല കൃസ്ത്യാനികളുടേയും പ്രതിപുരുഷന്റെ നിലയിൽ ഗണിക്കപ്പെട്ടുവെന്നും അതിനാൽ കത്താവു തന്റെ മാതാവിനെ സകല കൃസ്ത്യാനികളുടേയും അമ്മയായി നൽകിയിരിക്കുന്നു എന്നും സഭാപിതാക്കന്മാരും വേദശാസ്ത്രികളും പഠിപ്പിക്കുന്നു. ബാവാതമ്പുരാൻ നമ്മുടെ ദിവ്യരക്ഷിതാവുവഴിയായി സകല കൃസ്ത്യാനികളുടെയും യഥാർത്ഥപിതാവായിരിക്കുന്നതുപോലെ, പരിശുദ്ധ കന്യകമറിയം ദിവ്യരക്ഷിതാവുവഴിയായിതന്നെ സകല കൃസ്ത്യാനികളുടെയും യഥാർത്ഥമാതാവായിരിക്കുന്നു. പരിശുദ്ധകന്യകമ

രിയം നമ്മുടെ അമ്മയായി തീർന്നിരിക്കുന്നു നമ്മുടെ ആത്മീയജീവിതത്തിന്നു എത്രത്തോളം ഉപയോഗപ്രദമാണെന്നും, മക്കൾ എന്ന നിലയിൽ നമുക്കു ആ മാതാവിന്റെ നേരെയുള്ള കടമകൾ എവയെന്നും അല്പം ആലോചിക്കാം.

ഒരു കുട്ടിയുടെ ഭാവി അതിന്റെ അമ്മയെ ആശ്രയിച്ചിരിക്കുന്നു എന്നുള്ള തത്വം സർവ്വസാധാരണയായി സ്വീകരിക്കപ്പെട്ടുപോരുന്നുണ്ടല്ലൊ. അമ്മ നൽകുന്ന ഭക്ഷണപാനീയങ്ങൾ അനുഭവിച്ചു് അതിന്റെ ശരീരം വളരുന്നതുപോലെതന്നെ അമ്മ നൽകുന്ന ഉപദേശങ്ങളും ശിക്ഷണങ്ങളും അനുസരിച്ചു് അതിന്റെ ആത്മികശക്തികൾ അഭിവൃദ്ധിപ്പെടുകയും സ്വഭാവം രൂപീകരിക്കപ്പെടുകയും ചെയ്യുന്നു. ലോകത്തിൽ മഹത്തായ പല കൃത്യങ്ങൾ ചെയ്തു് മഹാന്മാരെന്നു പേരെടുത്തിട്ടുള്ള പലരും തങ്ങളുടെ ഉൽകൃഷ്ടജീവിതമാകുന്ന മാളികയുടെ അടിസ്ഥാനമിട്ടിട്ടുള്ളതും അതിനെ പണിതു കയറീട്ടുള്ളതും തങ്ങളുടെ മാതാക്കളാണെന്നു എറ്റുപറഞ്ഞിട്ടുണ്ടു്. തിരുസഭയിൽ വിശുദ്ധന്മാരായി വണങ്ങപ്പെടുന്ന പുണ്യപുരുഷന്മാരിൽ പലരുടെയും അമ്മമാർ പുണ്യവതികളായിരുന്നു എന്നും ആ അമ്മമാരുടെ സദുപദേശങ്ങളും സന്മാതൃകകളുമാണ് അവരെ പുണ്യമാർഗ്ഗങ്ങളിൽ കൂടെ നടത്തിയതെന്നും അവരുടെ ജീവചരിത്രങ്ങളിൽനിന്നു ഗ്രഹിക്കാവുന്നതാണ്. തിരുസഭ വേദഭ്രാന്തുകൊണ്ടു പീഡിപ്പിക്കപ്പെട്ടിരുന്ന ആദികാലങ്ങളിൽ സുംപ്രോസ, ഫെലിസിത്താസ് മുതലായ പുണ്യവതികളായ മാതാക്കളുടെ സദുപദേശങ്ങളും സന്മാതൃകകളുംമൂലം അവരുടെ മക്കൾ ലൌകികമായ സകല ഐശ്വര്യങ്ങളും ജീവൻ തന്നെയും മിശിഹായ്ക്കുവേണ്ടി ബലികഴിച്ചു. അബദ്ധവിശ്വാസത്തിലും ദുർമ്മാർഗ്ഗത്തിലും ജീവിതം നയിച്ചുപോന്ന ആഗുസ്തീനോസിനെ സത്യവിശ്വാസത്തിലേക്കും പുണ്യസാംഗോപാംഗത്തിലേക്കും തിരിച്ചുകൊണ്ടുപോന്നതും അദ്ദേഹം ഒരു മഹാപുണ്യവാനും മഹാമല്പാനുമായി തിരുസഭയിൽ ശോഭിക്കുവാൻ സംഗതിയാക്കിയതും ആ വിശുദ്ധന്റെ മോനിക്കായെന്ന പേരുള്ള പുണ്യവതിയായ മാതാവല്ലയൊ? ഫ്രാൻസിലെ രാജാവായിരുന്ന വിശുദ്ധ ലൂയീസിനോടു് "പ്രിയപ്പെട്ട മകനെ ഒരു ചാവുദോഷത്താൽ നിന്റെ ആത്മാവു മലിനപ്പെടുന്നതിനെക്കാൾ നീ മരിച്ചുകാണുന്നതാണ് എനിക്കു അധികം സന്തോഷകരമെന്നു പറഞ്ഞിരുന്ന ബ്ലാൺഷ് എന്ന രാജ്ഞി എത്ര പുണ്യവതിയായിരുന്നിരിക്കണം! ആ മാതാവിന്റെ പരിചരണയിൽ വളർന്ന ലൂയീസ് രാജാവു് ഒരു പുണ്യവാനായിത്തീർന്നതിൽ എന്താണത്ഭുതം? ഇങ്ങിനെ അനേകം ദൃഷ്ടാന്തങ്ങൾ എടുത്തുപറയാവുന്നതാണ്.

ലോകത്തിലുള്ള അമ്മമാർ അവരുടെ സ്വഭാവരൂപീകരണത്തിൽ ഇതുവരെ പങ്കെടുക്കുന്നവരാണെങ്കിൽ, അവരെല്ലാവരേയുംകാൾ പരിശുദ്ധതയും ശക്തയുമായ സ്വർഗ്ഗത്തിലുള്ള നമ്മുടെ മാതാവിന്റെ പരിചരണവും സ്നേഹോപദേശവും സന്മാതൃകയും നമ്മുടെ ആത്മികജീവിതത്തിനു എത്രകണ്ട് ആവശ്യകരവും ഉപയോഗപ്രദവുമായിരിക്കും. പരിശുദ്ധ കന്യകമറിയം നമ്മുടെ കർത്താവിനെ ശിശുത്വത്തോട്ടി മുതൽ കുരിശുമരംവരെ പരിചരിച്ചതുപോലെ കൃസ്ത്യാനികൾ ഓരോരുത്തരേയും അവരുടെ ആത്മികജീവിതത്തിന്റെ ആരംഭംമുതൽ അവസാനംവരെ പരിചരിക്കുന്നുമെന്നാണ് ദൈവനിശ്ചയം. ദേവമാതാവ് ഭൂമിയിൽ അവതരിച്ച ഉണ്ണിഈശോയെ തന്റെ കരകമലത്തിൽ സ്വീകരിച്ചതുപോലെ ജ്ഞാനസ്നാനം കൈക്കൊണ്ട് ആത്മികജീവിതം ആരംഭിക്കുന്ന ഓരോ കൃസ്ത്യാനിയുടേയും ആത്മാവിനെ തന്റെ കരകമലത്തിൽ സ്വീകരിക്കുന്നു. ഉണ്ണിഈശോയെ പിറന്നിട്ട നാല്പതാംദിവസം ദേവാലയത്തിൽ കൊണ്ടുചെന്ന് ദിവ്യപിതാവിനു സമർപ്പിച്ച ആ മാതാവ് ഓരോ കൃസ്ത്യാനിയുടേയും ആത്മാവിനെ ദൈവത്തിനു സമർപ്പിക്കുന്നു. ഹേറോദേശിന്റെ ക്രൂരകരങ്ങളിൽനിന്നു ഉണ്ണിഈശോയെ രക്ഷിച്ചതുപോലെ ആ ദിവ്യമാതാവ് പിശാചിന്റെയും മറ്റു ശത്രുക്കളുടെയും ആക്രമണങ്ങളിൽനിന്നു നമ്മെ രക്ഷിക്കുന്നു. പന്ത്രണ്ടുവയസ്സിൽ കാണാതെപോയ ഈശോയെ രാപകൽ അന്വേഷിച്ചു കണ്ടെത്തിയ മാതാവ്, നമ്മൾ ദൈവസന്നിധി വിട്ട് ഭൂമാഗ്രത്തിൽ ഉൾപ്പെട്ട് അലയുമ്പോൾ വ്യസനപൂർവം നമ്മെ അന്വേഷിച്ചു തേടിപ്പിടിച്ച് നേർവഴിയിൽ കൊണ്ടുവന്നാക്കുന്നു. ദൈവസൂതികരും ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി വേലചെയ്വാൻ പരസ്യജീവിതം തുടങ്ങിയ ഈശോയ്ക്കു തന്റെ അനുകമ്പയാൽ ആശ്വാസം കൊടുത്ത ആ മാതാവ് ദൈവത്തിന്റെയും നമ്മുടെ ആത്മാവിന്റെയും കാര്യത്തിൽ വേണ്ടതെല്ലാം പ്രവർത്തിക്കുന്നതിനു നമ്മെ ഉപദേശവും സഹായവും നൽകി ധൈര്യപ്പെടുത്തുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നു. ഒടുവിൽ ഗാഗുൽത്താമലയിൽ കുരിശിൽ തൂങ്ങികിടന്ന ലോകത്തിന്റെ പാപപരിഹാരത്തിനു ജീവനെ ബലികഴിച്ച തന്റെ തിരുക്കുമാരന്റെ ഹൃദയത്തോട് തന്റെ ഹൃദയവും ചേർത്തതുപോലെ ആ മാതാവു നമ്മുടെ സകല ദുഃഖങ്ങളിലും നമ്മോടു സഹതാപമുള്ളവളായി നിന്ന് നമ്മുടെ ബലികളെ ദൈവത്തിനു കാഴ്ചവയ്ക്കുകയും നമ്മുടെ ആത്മാക്കളെ തന്റെ തൃക്കരങ്ങളിൽ വാങ്ങി ദൈവസന്നിധിയിൽ എത്തിക്കുകയും ചെയ്യുന്നു. ഇങ്ങിനെ നമ്മുടെ ആത്മികജീവിതത്തിന്റെ എല്ലാ നിമിഷങ്ങളിലും നമ്മോടുകൂടിയിരുന്ന് നമ്മെ സ്നേഹപൂർവം സഹായിക്കുന്ന അമ്മയായിട്ടാണ് പരിശുദ്ധ മറിയത്തെ നമ്മുടെ കർത്താവു നമുക്കു നൽകിയിരിക്കുന്നത്.

അതിനാൽ പ്രിയ മക്കളെ, ദൈവത്തിന്റെ മാതാവിനെ നിങ്ങളുടെ യഥാർത്ഥമാതാവായി നിങ്ങൾ സ്വീകരിപ്പിൻ. ആ മാതാവിന്റെ പരിശുദ്ധജീവിതത്തിലെ സന്മാതൃകകളനുസരിച്ച് നിങ്ങളുടെ ജീവിതം ക്രമപ്പെടുത്തുവിൻ. നിങ്ങൾക്കുണ്ടാകുന്ന എല്ലാവിധ സന്തോഷങ്ങളിലും ദുഃഖങ്ങളിലും നിങ്ങൾ ആ മാതാവിനെ ശരണംപ്രാപിപ്പിൻ. നിങ്ങൾക്കാവശ്യമായ സകല നന്മകളും ആ മാതാവിനോടു അപേക്ഷിക്കുകയും, പിശാചിന്റെ പരീക്ഷകൾ നേരിടുമ്പോൾ അവിടുത്തെ അഭയം തേടുകയും ചെയ്യിൻ. ഈ മാതാവിനെ സ്നേഹപൂർവ്വം ഓർക്കാതെയും അവിടുത്തെ സ്തുതിക്കായി എന്തെങ്കിലും ഒരു സൽപ്രവൃത്തി ചെയ്യാതെയുമുള്ള ഒരു ദിവസമെങ്കിലും നിങ്ങളുടെ ജീവിതത്തിലുണ്ടാകരുത്. ആ മാതാവിന്റെ സ്തുതിക്കായി തിരുസഭ ഏർപ്പെടുത്തിയിട്ടുള്ള ഭക്തസംഘങ്ങളിൽ ചേർന്ന് വെന്തീഞ്ഞു മുതലായ ഭക്തചിഹ്നങ്ങൾ ധരിക്കയും അവിടുത്തെ സുകൃതജീവിതത്തെ ഓർമ്മപ്പെടുത്തുന്ന "രഹസ്യങ്ങളും" അവിടുത്തെ മഹിമകളെ വർണ്ണിക്കുന്ന പ്രാർത്ഥനകളും അടങ്ങിയ ജപമാല പ്രതിദിനം ചൊല്ലുകയും ചെയ്യുന്നതിൽ നിങ്ങൾ താല്പര്യമുള്ളവരായിരിക്കണം. ആ മാതാവിന്റെ പ്രത്യേക സ്തുതിക്കായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ഈ മെയ് മാസത്തിൽ നടത്തപ്പെടുന്ന ഭക്തകൃത്യങ്ങളിൽ സംബന്ധിക്കുന്നതിനും, ആ അവസരങ്ങളിൽ നിങ്ങൾക്കുണ്ടാകുന്ന സദ്വിചാരങ്ങളനുസരിച്ച് പ്രവർത്തിക്കുന്നതിനും നിങ്ങൾ ശ്രദ്ധയുള്ളവരായിരിക്കണം. എപ്പോഴിലും പ്രധാനമായി ഈ മാതാവിന്റെ നേരെയുള്ള ഭക്തി നിങ്ങളുടെ മക്കളെ നന്നാ ചെറുപ്പത്തിൽ തന്നെ അഭ്യസിപ്പിപ്പാൻ നിങ്ങൾ പ്രത്യേകം ദൃഷ്ടിവയ്ക്കണം.

പ്രിയ മക്കളെ, ഇപ്രകാരം നിങ്ങൾ ചെയ്യുന്നതായാൽ ദേവമാതാവിന്റെ ശക്തിയേറിയ സഹായവും പരിചരണവും നിങ്ങൾക്കു ലഭിക്കുകയും, തൻമൂലം നിങ്ങളുടെ ആത്മികജീവിതം പുഷ്ടിപ്പെട്ട് വളരെ ഫലമുള്ളതായിത്തീരുകയും, ഒടുവിൽ നന്മരണം ലഭിച്ച് സ്വർഗ്ഗത്തിൽ എത്തി ആ മാതാവിനോടു കൂടി നിത്യാനന്ദം അനുഭവിക്കുന്നതിന് നിങ്ങൾക്കു സംഗതി വരികയും ചെയ്യും. നിങ്ങൾ ഏവരും പരിശുദ്ധ കന്യകമറിയത്തെ സ്വന്ത അമ്മയായി സ്വീകരിക്കുന്നതിനും, അവിടുത്തെ നേരെ മക്കൾക്കുള്ള സ്നേഹത്തോടും മനോവിശ്വാസത്തോടും കൂടി പെരുമാറുന്നതിനും ആവശ്യമായ സകല നന്മകളും ആ ദിവ്യമാതാവു നിങ്ങൾക്കേവക്കും വാങ്ങിത്തരണമെ എന്നു പ്രാർത്ഥിച്ചുകൊണ്ട് നാം നിങ്ങളെ നമ്മുടെ കർത്താവുഈശോമിശിഹായിൽ ആശീർവ്വദിക്കുന്നു.

II

ബ. സഹോദരരെ, പ്രിയ മക്കളെ,

ഭാഗ്യസ്മരണയ്ക്ക് അർഹനായ ൻ-ാം പീയൂസ് മാപ്പാപ്പാ തിരുമനസ്സു കൊണ്ട് യൌസേപ്പുപിതാവിനെക്കുറിച്ച് ഒരു തിരുവെഴുത്തിൽ ഇപ്രകാരം കല്പിച്ചരുളുകയുണ്ടായി. ദൈവത്തിന്റെ കന്യക മാതാവിനെക്കുറിഞ്ഞാൽ അവിടത്തെ ഭർത്താവായ എതുയും വാഴ്ത്തപ്പെട്ട യൌസേപ്പിനു് തിരുസഭ എല്ലാക്കാലത്തിലും അത്യന്ത സ്തുതിബഹുമാനങ്ങൾ നൽകുകയും ആപത്കാലങ്ങളിൽ ആ വിശുദ്ധന്റെ മാദ്ധ്യസ്ഥം അപേക്ഷിക്കയും ചെയ്തിട്ടുണ്ട്. പരിശുദ്ധപിതാവിന്റെ ഈ വാക്യങ്ങളിൽ നിന്ന് വിശുദ്ധ യൌസേപ്പിനു ദൈവരാജ്യത്തിൽ ലഭിച്ചിട്ടുള്ള സ്ഥാനം എതുയും ഉന്നതമാണെന്നു ഗ്രഹിക്കാം. ദൈവകുമാരന്റെ വളർത്തുപിതാവും ദേവമാതാവിന്റെ ഭർത്താവും എന്നനിലയിൽ വിശുദ്ധ യൌസേപ്പ് മറെറല്ലാ പുണ്യവാന്മാരേക്കാൾ നമ്മുടെ ബഹുമാനത്തിനു് അർഹനാണെന്നും നമ്മെ സഹായിപ്പാൻ ശക്തനാണെന്നും പ്രത്യക്ഷമാണല്ലൊ. തിരുക്കുടുംബത്തിന്റെ രക്ഷവനും കാവൽക്കാരനുമായി ദൈവം നിശ്ചയിച്ചിരിക്കുന്ന ഈ പുണ്യപിതാവിനെത്തന്നെ സകല ക്രിസ്ത്യാനികളുടെയും ആദരവുകാരനും രക്ഷാധികാരിയുമായി തിരുസഭ പ്രഖ്യാപനം ചെയ്തിരിക്കുന്നു. ലോകജീവിതത്തിലെ ഏതുതരം ഉദ്യോഗം വഹിക്കുന്നവർക്കും ഏതുതരം ജോലിയിൽ ഉൾപ്പെട്ടിരിക്കുന്നവർക്കും വിശുദ്ധ യൌസേപ്പു രക്ഷാധികാരിയായിരിക്കുന്നുണ്ടെങ്കിലും വിവിധ പ്രയത്നങ്ങൾ ചെയ്തു കാലയാപനം നടത്തിപ്പോരുന്ന സാധാരണക്കാരായ തൊഴിലാളികൾക്ക് അവിടുന്നു പ്രത്യേകവിധം രക്ഷാധികാരിയാണെന്നു തിരുസഭ പ്രസ്ഥാപിക്കുന്നു.

നെറിയിലെ വിയർപ്പുകൊണ്ടുവേണം നീ നിന്റെ ഭക്ഷണത്തിനുള്ള സമ്പാദിക്കാനെന്നൊരു ശാപവാക്യം ദൈവം ഔമിക പൂർവീസായി ൽവച്ച് മനുഷ്യരെ സംബന്ധിച്ച് ഉച്ചരിക്കയുണ്ടായല്ലൊ. ആ ശാപഫലമായി എല്ലാമനുഷ്യരും ഏറെക്കുറെ കഷ്ടപ്പെട്ടും ബുദ്ധിമുട്ടിയുമാണ് കാലയാപനം കഴിച്ചുവരുന്നത്.

എന്നാൽ ഭൂരിപക്ഷം മനുഷ്യരെ ആ ശാപവാക്യം കഠിനമായി ബാധിച്ചുകാണുന്നു. മനുഷ്യരിൽ അധികഭാഗവും നിർധനന്മാരും സ്വപ്രയത്നത്താൽ നിത്യവൃത്തി കഴിച്ചുപോരുന്നവരുമാണ്. അവർ ലൌകികസുഖസ്വാതന്ത്ര്യങ്ങൾ അനുഭവിക്കുന്നില്ല. അവക്ക് പൂർവ്വാർജ്ജിതമായൊ സ്വയാർജ്ജിതമായൊ വസ്തുവകകളില്ല. അത്യാവശ്യമായ ജീവിതോപക

രണങ്ങൾപോലുമില്ലാത്തതുകൊണ്ട് അവക്ക് ജീവിതംതന്നെ കേവലം ഭാരമായിരീരുന്നു. ഈ നിർഭാഗ്യാവസ്ഥ ദൈവത്തിന്റെ കരുണയില്ലായ്മകൊണ്ടോ തങ്ങളുടെ നിർഭാഗ്യംമൂലമോ വന്നുഭവിച്ചിട്ടുള്ളതാണെന്നു അവർ തെറ്റിദ്ധരിച്ചു നിരാശപ്പെടുന്നു. ഓരോ തരത്തിലുള്ള കൈവേലകളോ പ്രയത്നങ്ങളോ തൊഴിലുകളോ ചെയ്യുന്നതു് തങ്ങളുടെ അഭിമാനത്തിനു ഹാനികരമാണെന്നുള്ള മൂഢവിശ്വാസത്താൽ അവരിൽ ചിലർ പട്ടിണികിടന്നു വലയുകയും അലസന്മാരായി കഴിഞ്ഞുകൂടുകയും ചെയ്യുന്നു.

ഇപ്രകാരമുള്ള മനുഷ്യർക്ക് വിശുദ്ധ യൌസേപ്പു് ഒരു പ്രത്യേക മാതൃകയും ആദരവുകാരനുമാണു്. വിശുദ്ധ യൌസേപ്പു ലോകദൃഷ്ടിയിൽ ആരായിരുന്നു? ആ പുണ്യപിതാവു എത്തരം ജീവിതമാണു് നയിച്ചിരുന്നതു്? അവിടുന്നു ഗ്ലീലാ എന്നഗ്രാമത്തിൽ കേവലം ഒരു സാധാരണക്കാരനായി ജീവിച്ചിരുന്നു. മനുഷ്യരുടെ പ്രത്യേകശ്രദ്ധയ്ക്കു് വിഷയമാകത്തക്കലൌകികമായ ആഡംബരങ്ങളൊന്നും കൂടാതെയാണു് അവിടുന്നു ജീവിതം നയിച്ചു പോന്നതു്. മനുഷ്യൻ പ്രകൃത്യാ ആഗ്രഹിക്കുന്ന ലൌകികങ്ങളായവയൊന്നും അവിടുത്തേക്കുണ്ടായിരുന്നില്ല. നിലംപുരയിടങ്ങളോ, ധനാഗമമാർഗ്ഗങ്ങളോ, ഭൃത്യസംഘങ്ങളോ, സുഖാനുഭവത്തിനുള്ള വിഭവങ്ങളോ ഉണ്ടായിരുന്നില്ല. വിശുദ്ധ യൌസേപ്പു ഒരു ആശാരിപണിക്കാരനായിരുന്നുവെന്നാണു് സുവിശേഷഗ്രന്ഥത്തിൽ നിന്നു ഗ്രഹിക്കുന്നതു്.

ഗ്ലീലായിലും അയൽപ്രദേശങ്ങളിലും ആവശ്യമായ കൃഷി ആയുധങ്ങളും മറ്റും പണ്ടുകൊട്ടത്തു കിട്ടുന്ന ആദായംകൊണ്ടാണു് ആ പുണ്യപിതാവു് കാലയാപനം നടത്തിവന്നതു്. ആശാരിപണി വിനോദത്തിനായിട്ടല്ല, തിരുകുടുംബത്തെ രക്ഷിച്ചുപോകാനുള്ള ധനാഗമമാർഗ്ഗമായിട്ടു് അവിടുന്നു അഭ്യസിച്ചുവന്നു. അവിടുന്നു ആ ജോലിചെയ്യാതെ അലസനായിരുന്നുവെങ്കിൽ തിരുകുടുംബം പട്ടിണികിടന്നു കഷ്ടപ്പെടേണ്ടിവന്നേനെ. ദാവീദുരാജാവിന്റെ വംശക്കാരനായ തനിക്കു് ആ ജോലിചെയ്യുന്നതു് അഭിമാനക്ഷയമായി ആ വിശുദ്ധൻ കരുതിയില്ല. അവിടുന്നു പണിപ്പുരയിൽ വേലചെയ്യുമ്പോൾ തന്റെ പരിശുദ്ധ ഭാര്യയും വളർത്തുകുമാരനും അവരാൽ കഴിയുന്ന വിധം ആ വേലയിൽ പങ്കുകൊണ്ടിരുന്നു. വിശുദ്ധയൌസേപ്പു് അന്യന്മാരുടെ ഐശ്വര്യത്തിൽ അസൂയപ്പെടുകയോ തന്റെ നിർഭാഗ്യാവസ്ഥയെക്കുറിച്ചു ദുഃഖിക്കയോ ചെയ്തിരുന്നില്ല. കൈവേലചെയ്തു തിരുകുടുംബത്തെ സംരക്ഷിച്ചുപോന്നതു് ഒരു വലിയ അനുഗ്രഹവും അഭിമാനവുമായിട്ടാണു് അവിടുന്നു ഗണിച്ചുപോന്നതു്.

ഈ മനോഹരകാഴ്ച എത്ര ആശ്വാസപ്രദമായിരിക്കുന്നു. യൌസേപ്പുപിതാവിന്റെ ഈ ജീവിതം മനുഷ്യവൃത്തിയിലെ ദുരിപക്ഷം അംഗങ്ങൾക്കു അക്ഷരാർത്ഥാനുകരണീയമല്ലയോ? നിർദ്ധനാവസ്ഥ നിർഭാഗ്യാവസ്ഥയായും പ്രയത്നങ്ങൾ ചെയ്യുന്നതു് അഭിമാനക്ഷയമായും കരുതിപ്പോരുന്ന ലോകത്തിനു യൌസേപ്പുപിതാവിന്റെ ദൃഷ്ടാന്തം എത്ര നല്ല പാഠമാണ്! ഇതിനാലത്രെ, സ്സാം പീയൂസ്, ത്രയോദശലേയോ, ഫ്രാം പീയൂസ്, ത്രിദം ബെനഡിക്തോസ് എന്ന ഭാഗ്യസ്മരണയുള്ള അർഹന്മാരായ മാപ്പിളപ്പാമാർ വിശുദ്ധ യൌസേപ്പിനെ സകല കുസ്സാനികളുടെയും പ്രത്യേകിച്ചു തൊഴിലാളികളുടെയും കൂലിവേലക്കാരുടെയും ഉത്തമമാതൃകയും പരിപാലകരക്ഷാധികാരിയുമായി ചൂണ്ടിക്കാണിച്ചു തന്നിട്ടുള്ളതു്. ഈ പുണ്യപിതാവിന്റെനേരെ നിങ്ങൾ പ്രത്യേകം ഭക്തിയുള്ളവരായിരിപ്പിൻ. അവിടുന്നു സജീവിതത്തിൽ കാണിച്ചതുപോലുള്ള സുകൃതദൃഷ്ടാന്തങ്ങൾ നിങ്ങൾ അനുകരിപ്പിൻ. അന്യന്മാരുടെ ഐശ്വര്യത്തിൽ അസൂയപ്പെടുകയോ താന്താങ്ങളുടെ നിർദ്ധനാവസ്ഥയിൽ ഖേദിക്കയോ ചെയ്യരുതു്. ആഡംബരപൂർവ്വമായ ജീവിതം നയിക്കയും ലൌകികസുഖസൌഭാഗ്യങ്ങൾ അനുഭവിക്കയും ചെയ്യുന്നതു് ഒരു അനുഗ്രഹവും ഭാഗ്യവുമായി നിങ്ങൾ തെറ്റിദ്ധരിക്കരുതു്. നിർദ്ധനതാവും പ്രയത്നജീവിതവും അഭിമാനകരമായ അവസ്ഥയായി വിചാരിക്കണം. ഏതു തൊഴിലിൽ ഏർപ്പെട്ടാലും ഏതു വേല ചെയ്താലും കാലയാപനം കഴിക്കുന്നതിൽ അശേഷവും മടി വിചാരിക്കേണ്ട. ജാതിനിയമത്തിനൊ, കുടുംബപാരമ്പര്യത്തിനൊ മേലാത്തതാണെന്നു ഭയന്നു് നിങ്ങളുടെ മുറുപാടുകൾ അനുവദിക്കുന്നതും സൌകര്യം നൽകുന്നതുമായ തൊഴിലുകളൊ വേലകളൊ അഭ്യസിക്കാത്തതു് മൂഢതയാകുന്നു. അലസന്മാരായിരിക്കാതെ ഉത്സാഹപൂർവം പ്രയത്നങ്ങൾ ചെയ്യുന്നതു് ആത്മികമായും ലൌകികമായും ഗുണകരമാണു്. അതിനാൽ, പ്രിയ മക്കളെ, വിശുദ്ധ യൌസേപ്പിന്റെ ദൃഷ്ടാന്തമനുസരിച്ചു് പ്രയത്നശീലന്മാരായിത്തീരുവിൻ. നിങ്ങളുടെ ജീവിതം മുഴുവനും ആ പുണ്യപിതാവിനു പ്രതിഷ്ഠിക്കുവിൻ. അവിടുന്നു് തിരുകുടുംബത്തിനു ചെയ്തതുപോലെ, നിങ്ങൾ ക്രമമായി വേലചെയ്തു് നിങ്ങളുടെ സൂക്ഷത്തിൽ ഏല്പിക്കപ്പെട്ടിരിക്കുന്നവരെ സംരക്ഷിപ്പിൻ. ഇതിലേക്കു വേണ്ട ദൈവസഹായങ്ങൾ ഈ പുണ്യപിതാവു തന്നെ നിങ്ങൾക്കു വാങ്ങി തരണമെന്നു പ്രാർത്ഥിച്ചുകൊണ്ടു നിങ്ങൾക്കേവർക്കും നാം ഇടയനടുത്ത ആശീർവാദം നൽകുന്നു.

എന്നു് എറണാകുളത്തു നമ്മുടെ അരമനയിൽനിന്നും. ഫെബ്രുവരി ഏപ്രിൽ മാസം
എറണാകുളം വികാരി അപ്പസ്തോലിക, കണ്ടത്തിൽ ആഗസ്തീനോസ് മെത്രാൻ.

N. B.— ഈ കല്പനകൾ രണ്ടും അടുത്തുവരുന്നഞായറാഴ്ച പള്ളിയിൽ വായിച്ചു പരസ്യംചെയ്യണം.

III

ബ. സഹോദരരെ, വാത്സല്യ മക്കളെ,

ഫെബ്രുവരി ആഗസ്റ്റ് മുപ്പതാം നാം അയച്ചിട്ടുള്ള സെർക്കുലർ അച്ചടി പരസ്യക്കല്പനയിൽ പറഞ്ഞിരിക്കുന്ന സംഗതികളെ ശരിയായും യാതൊരു വീഴ്ചകൂടാതെയും ഒത്തൊരുമിച്ചു നടത്തണമെന്ന് നമ്മുടെ സഹോദരരായ വൈദികരെയും നമ്മുടെ വാത്സല്യമക്കളായ അൽമേനികളെയും നാം വീണ്ടും അറിയിക്കുന്നു. ആ കല്പനയുടെ ഉദ്ദിഷ്ടാവകാശത്തിൽ എഴുത്തും വായനയും അറിയാവുന്നവർ ഇല്ലാവരും ചെറിയ വേദോപദേശവും മറ്റും മുഴുവനും കാര്യസാരമെന്നുള്ളിലാക്കി കുണാപ്പാടം പഠിച്ചിട്ടുണ്ടോയെന്നും ശരിയായി ഹാജരുണ്ടോയെന്നും പരിശോധിക്കണമെന്നു പറഞ്ഞിരിക്കുന്ന ഭാഗം ചിലസ്ഥലങ്ങളിൽ കണിശമായി നടത്തുന്നില്ലെന്ന് നാം അറിയുന്നു. ആകയാൽ ഇതിലും ഏല്ലാവരുടേയും ശ്രദ്ധ നല്ലവണ്ണം പതിക്കണമെന്നു നാം ഓർപ്പിക്കയും നമ്മുടെ തിരിച്ചുള്ള അനുവാദംകൂടാതെ യാതൊരുത്തക്കും ആ സംഗതികളിൽ ഒഴിവുകൊടുത്തുകൂടായെന്നും നിർബന്ധമായി കല്പിക്കയും ചെയ്യുന്നു. ഞായറാഴ്ചകളിലും മറ്റു കടമുള്ളദിവസങ്ങളിലും വേദോപദേശത്തിനുവരുന്ന കുട്ടികളുടെ ഹാജർപുസ്തകം ക്രമമായി എഴുതിക്കൊണ്ടുപോകയും ഭദ്രമായി റിക്കാർട്ടുകളുടെ കൂട്ടത്തിൽ സൂക്ഷിക്കയും ചെയ്യേണ്ടതാണ്.

അന്യ മിസ്സത്തിൽ വിവാഹംചെയ്യുന്നതിനുള്ള സാക്ഷികൊടുക്കുന്നതിനും, പ്രത്യേകം ആവശ്യപ്പെട്ടാൽ ബ. പട്ടക്കാർക്ക് അതാതു ഫോറോനായിൽ ഏതു ദിവസത്തെ കുമ്പസാര അനുവാദംകൊടുക്കുന്നതിനും, ജനങ്ങൾക്ക് കുമ്പാനകാണുന്നതുള്ള അത്യാവശ്യസമയങ്ങളിൽ രണ്ടുകുമ്പാനയ്ക്കു അനുവദിക്കാനും ഉള്ള അധികാരം നാം ഫോറോനാ വികാരിമാർക്ക് കൊടുത്തിട്ടുണ്ട്.

മാമ്മോദീസാക്കണക്കെഴുതുന്നതിൽ ഐകരൂപ്യം ഉണ്ടാകുന്നതിനായി മേലിൽ മാമ്മോദീസാരജിസ്റ്റർ വാങ്ങുന്നവർ ഇവിടെ അച്ചടിപ്പിച്ചിട്ടുള്ളതു വാങ്ങി കണക്കെഴുതിക്കൊള്ളണം. അച്ചടിഫാറം ഇല്ലാത്ത പള്ളികളിൽ അച്ചടിച്ച രജിസ്റ്റർ വാങ്ങിക്കയും വേണം.

പരസ്യമായി ജനങ്ങളെ അറിയിക്കേണ്ടതും അവർ അറിഞ്ഞിരിക്കേണ്ടതുമായ പല സംഗതികളും ഈ മാസികയിൽ പ്രസിദ്ധം ചെയ്യുന്നുണ്ട്. അവ ജനങ്ങളുടെ ഒരു മീറ്റിംഗിലോ യോഗംകൂടിയോ മറ്റൊരു യുക്തമെ

ന്ന കാണെന്നവിധത്തിൽ ബ. പട്ടക്കാർ അവരെ അതാതു സമയങ്ങളിൽ ചെയ്യപ്പെടേണ്ടതാണ്.

എന്ന് എറണാകുളത്തു നമ്മുടെ അരമനയിൽനിന്നും
കൽപന വഴിപ്രകാരം
എറണാകുളം വികാരി അപ്പസ്തോലിക്കാ
കണ്ടത്തിൽ ആഗുസ്തീനോസ് മെത്രാൻ.

[illegible]

ബന്ധവിമോചനങ്ങൾ.

പള്ളിയിൽ വേദോപദേശം പഠിപ്പിക്കയൊ, അല്ലെങ്കിൽ വീട്ടിൽ വെച്ച് മക്കൾക്കൊ അയൽക്കാക്കൊ വാല്യക്കാക്കൊ വേദപാഠം നൽകുകയൊ, ആശുപത്രികളിൽ രോഗികളെ ദയാപൂർവം സന്ദർശിക്കയൊ, മറ്റുള്ളവർക്ക് മറ്റുവിധത്തിലെങ്കിലുമുള്ള സഹായം ചെയ്തുകൊടുക്കയൊ, കുമ്പസാരിക്കുകയൊ, പട്ടക്കാരനാണെങ്കിൽ പൊല്ലുകയൊ, പരിവായിചൊല്ലുന്നവർ താഴെ പറയുന്നദിവസങ്ങളിൽ കുമ്പസാരിച്ചു ശു: കുർബാനകൈക്കൊണ്ട് ശുദ്ധ: മാപ്പാപ്പായുടെ നിയോഗപ്രകാരം കുറേനേരം പ്രാർത്ഥിച്ചാൽ അവർക്ക് പൂർണ്ണബന്ധവിമോചനം ലഭിക്കാം.—ന: കർത്താവിന്റെ പിറവി, മനഹാ, ഉയിർപ്പ്, സ്വർഗ്ഗാരോഹണം; പന്തക്കുസ്ത, ശു: ത്രീത്വത്തിന്റെയും ശു: കുർബാനയുടെയും ന: ക: തിരുഹൃദയത്തിന്റെയും തിരുനാളുകൾ; ഭാഗ്യപ്പെട്ട കന്യക മറിയത്തിന്റെ ശുദ്ധീകരണം, മംഗലവാർത്ത, കാഴ്ചവെപ്പ്, അമലോത്ഭവം; യോഹന്നാൻ മാംഭാനായുടെ പിറവി, വി. യൌസേപ്പു പിതാവിന്റെ മരണവും മദ്ധ്യസ്ഥതയും, ശുദ്ധ: പത്രോസ് പൌലോസ് ശ്ലീഹന്മാരുടെ തിരുനാൾ, മറ്റു പതിനൊന്നു ശ്ലീഹന്മാരുടെയും തിരുനാളുകൾ, സകലപുണ്യവാന്മാരുടെ തിരുനാൾ.

൨. കുമ്പസാരിച്ചു ശുദ്ധ: കുർബാന കൈക്കൊണ്ടില്ലായെങ്കിലും പാപങ്ങളെക്കുറിച്ചു പൂർണ്ണമായി മനസ്സാപപ്പെട്ടുകൊണ്ട് ശുദ്ധ: മാപ്പാപ്പായുടെ നിയോഗപ്രകാരം പ്രാർത്ഥിച്ചാൽ, മേല്പറഞ്ഞ തിരുനാളുകളിലും ന. കർത്താവിന്റെയും പരിശുദ്ധകന്യക മറിയത്തിന്റെയുംമറ്റു തിരുനാളുകളിലും.

൧൯൨൨ ജാനുവരി മുതൽ ൧൯൨൨ മാച്ച് അവസാനം വരെ

മദസ്ത്രിാവ്സംബന്ധിച്ച

വേദപ്രചാരസംഘംവഴിക്കല്ലാതെ ഈ മിസ്സന്തിൽനിന്നു പിരിഞ്ഞിട്ടുള്ള തുകയുടെ കണക്ക്.

———:o:———

		ക.	ണ.	പ.
എടപ്പള്ളിപ്പള്ളി		നൂറ്റമ്പ	ത്തഞ്ച	ന്നൂ
മലയാറ്റൂർപള്ളി		ഏഴന്നൂ	൦	൦
മണിയംകോട്ട ബ. യോഹന്നാൻ അച്ചൻ	(കുമ്പാനവക)	ന്നൂറ	൦	൦
നെടുങ്ങല്ലേൽ ബ. തോമാ അച്ചൻ		൪൦	൦	൦
മലമേൽ ബ. അന്ത്രയോസ് അച്ചൻ	(പ്രസാരംവക)	ഏൻ	൦	നു
പേരുപറയാതെ തന്ന വക		നാ൪	൦	൦
ഐ. ജോസഫ് ബി. എ, പറൂർ		൫൦	൦	൦
	ആകെ	ഫ്രൈവു	പ്രഭ	ൻ


ചിലവ്.

മണിയംകോട്ട ബ. യോഹന്നാൻ അച്ചനു്	(എടയ്ക്കാട്ടുവയൽപള്ളീ)	നൂറ്റമ്പ	൦	൦
പുളുപ്പിള്ളി ബ. വറുഗീസ് അച്ചനു്	(ആരക്കുഴ)	നൂറ	൦	൦
കടവിൽ ബ. മാത്തച്ചനും കുടിയ്യൽ ബ. ഗീവറുഗീസച്ചനും കൂടി	(ആമ്പല്ലൂർ)	ഏൻ	൫	ഏ
ചിറമൽ ബ. അന്തോനി അച്ചനു്	(കിഴക്കമ്പലം)	ഫ്രൈവ്വന്നൂ	ര	൦
പഞ്ഞിക്കാരൻ ബ. കുഞ്ഞവുസേപ്പു് അച്ചനു്	(കുലശേഖരമംഗലം)	൫൦൦	൦	൦
തയ്യിൽ ബ. ഗീവറുഗീസു് അച്ചനു്	(ചെങ്ങൽ)	൫൫൫	൦	൦
കടവിൽ ബ. മാത്തച്ചനു്	(ഓർശ്ശം)	വ്വം	൦	൦
വാഴക്കുളം കൊവേന്തയ്ക്കു്		വ്വം	൦	൦
മേക്കുന്നേൽ ബ. പൌലോസച്ചനു്	(കോതമംഗലം)	നൂറ	൦	൦
പാറക്കൽ ബ. ദേവസി അച്ചനു്	(മുണങ്ങംവേലി)	ഫ്രൈവ	൦	൦
നൊറിക്കാടൻ ബ. തോമാച്ചനു്	(മുക്കന്നൂർ)	൫൫	൦	൦
മുണ്ടാടൻ ബ. തരിയാക്കു് അച്ചനു്	(ഉരിയംപേരൂർ)	൫൦	൦	൦

കുട്ടിക്കാരൻ ബ. യൌസേപ്പച്ചനു് (തെക്കൻപറവൂർ)	വ	൦	൦
മനസ്സുതിരിഞ്ഞ പലക്കായി സഹായം	ൻെ	ഫ	൦
ഈ മിസ്സത്തിലെ വേദപ്രചാരസംഘം വകയ്ക്കുള്ള അച്ചടി മുതലായവയ്ക്കു്	ഫ൩൦	൦	൦
ആകെ	ഫന്വൻഫ	൭	ഖ

N. B. മനസ്സുതിരിവുസംബന്ധിച്ചു് അച്ചന്മാക്കു കൂടുതൽ കൂടുതൽ സഹായധനം കൊടുത്തു സഹായിച്ചിട്ടുള്ളതിൻെറ കണക്കു ഇതിൽ ചേർത്തിട്ടില്ല. അപ്രകാരം തന്നെ മനസ്സുതിരിഞ്ഞവരെ പ്രത്യേകം ഉദ്ദേശിച്ചു് ആൺകുട്ടികൾക്കായി മൂക്കന്നൂരും പെൺകുട്ടികൾക്കായി കുറുമറിയിലും പണിതിരിക്കുന്ന അനാഥശാലകളുടെ ചിലവുകളും, എറണാകുളം തിരുക്കുടുംബ അനാഥശാലയിൽ മനസ്സുതിരിഞ്ഞവരായി താമസിക്കുന്ന കുട്ടികളുടെയും മറ്റും ചിലവുകളും മേൽക്കാണിച്ച സംഖ്യയിൽ ഉൾപ്പെട്ടിട്ടില്ല.

എറണാകുളം, ൭-൯-൨൨ } എന്നു സെക്രട്ടരി, പയ്യപ്പിള്ളി മത്തായി ക.



The Apostolic Union of the Secular Priests.

DECREE OF ERECTION
OF
THE APOSTOLIC UNION OF SECULAR PRIESTS OF THE SACRED HEART IN THE VICARIATE APOSTOLIC OF ERNAKULAM.

——:o:——

No. 497/'20

The sanctification of our clergy is very dear to our heart and we are fully persuaded that the "Apostolic union of Secular Priests of the Sacred Heart" founded by Mgr. Victor Lebeuier of happy memory and warmly recommended to the clergy by all the Sovereign Pontiffs from Pope Pius IX downwards to Benedict XV now gloriously

reigning, is best suited to revive and foster the true sacerdotal spirit in all the ministers of God. We therefore receive with much pleasure the request made to us by the Rev. Father Thomas Nedumcallel, Superior of the Apostolic Union newly elected in our Vicariate by the members and approved by us, asking us to erect this pious priestly Association canonically in our Vicariate.

We therefore hereby declare that we approve this Branch of the Apostolic Union which, by these present letters, we canonically erect in our Vicariate Apostolic of Ernakulam.

Given at Ernakulam this day, the 21st September 1920 the feast of St. Mathew the Apostle.

† Aug. Kandathil,
Eppus Aradensis,
Vicarius Ap. Ernakulamensis.

LITTERAE TESTIMONIALES
PRO AGGREGATIONE PIAE CONSOCIATIONIS
"UNIO APOSTOLICA" VULGO DICTAE.

No. 498/'20

Nos, Augustinus Kandathil. miseratione divina et S. Sedis Apostolicae gratia Episcopus Aradensis et Vicarius Apostolicus Ernakulam, testamur et fidem facimus piam consociationem sacerdotum saecularium vulgo "Unio Apostolica" dictam in nostro Vicariatu a Nobis canonice erectam fiusse et iuxta regulas eiusdem unionis Rev. Dominum Thomam Nedumcallel eiusdem Moderatorem electum fiusse et a Nobis confirmatum, cui etiam facultatem petendi

aggregationem huius diocesanae unionis primariae unioni in Gallia constitutae, per has litteras concedimus.

Datum Ernakulam die 21a Septembris 1920 in festo S. Matthaei Apostoli.

† Aug. Kandathil,
Eppus Aradensis,
Vicarius Ap. Ernakulamensis.

———:o:———

എ. പെ പെ. ബ. എറണാകുളം മിസ്സത്തിന്റെ വികാരി അപ്പസ്തോലിക്കാ മെത്രാനച്ചൻ അവർകളുടെ കല്പനപ്രകാരം എറണാകുളം മിസ്സത്തിൽ സ്ഥാപിച്ചിരിക്കുന്ന അപ്പസ്തോലിക്ക് യൂണിയന്റെ ഡിറക്ടർ നെടുങ്ങപ്പുറത്ത് തോമാ കത്തനാർ ബോധിപ്പിക്കുന്ന അപേക്ഷ.

കഴിഞ്ഞകൊല്ലത്തെ ധ്യാനാവസരത്തിൽ ഉണ്ടായ തെരിഞ്ഞെടുപ്പ് അനുസരിച്ച് എന്നെ ഡയറക്ടരായി ഒരു കൊല്ലത്തേക്ക് തെരിഞ്ഞെടുക്കയും, സെക്രട്ടറിയായി തെക്കേത്തല കുഞ്ഞുവുസേപ്പച്ചനെ തെരിഞ്ഞെടുക്കയും ചെയ്തിട്ടുള്ളതിനെ അവിടുന്ന് ദയവായി അംഗീകരിച്ചു ഉറപ്പിക്കയും ചെയ്തിട്ടുള്ളതാണ്.

അടുത്ത കൊല്ലത്തേക്കും ടി. ഉദ്യോഗാനടത്തുന്നതിനു മെമ്പന്മാർ രഹ കൂടിയതിൽ ഹാജർ പേരും മേല്പറയപ്പെട്ട ഞങ്ങളെത്തന്നെ തെരിഞ്ഞെടുത്തിരിക്കകൊണ്ട് ദയാപൂരസ്സരം തെരിഞ്ഞെടുപ്പ് അംഗീകരിച്ചു ഉറപ്പിച്ചു ഞങ്ങളെയും സമുദായത്തെയും ആശീർവദിക്കണമെന്നു താഴ്മയോടെ അപേക്ഷിക്കുന്നു.

എറണാകുളം
ക്രൈസ്റ്റ സപ്പോർ വരു-ാംതീ. } ടി. തോമാ കത്തനാർ.

I approve and give you my blessing.
Ernakulam, 24 Sep. 1921,
† Aug. Kandathil
Bp Vic. Ap., of Ernakulam.

LITTERÆ AGGREGATIONIS

Ad Unionem Apostolicam Primariam

SACERDOTUM SÆCULARIUM A SS.MO CORDE JESU.

Moderator generalis et officiales
primariae unionis apostolicae sacerdotum saecularium a
SS.mo corde Jesu in sacello sancti Dionysii Ep.M. Basilicae SS.mi
cordis Jesu de monte martyrum Lutetiae Parisiorum
canonice constitutae ven. Associationi
Ernakulamensi in oratorio S. Mariae Ernakulamensis

ERECTÆ

SALUTEM!

Ut Nostra sacerdotalis Sodalitas, suis legibus munita, a Summis Pontificibus Pio IX, Leone XIII, Pio X et Benedicto XV praeclaris laudibus, indulgentiis ac privilegiis exornata, longe lateque diffusa, valeat ordinatius incedere, hoc etiam ab Apostolica Sede consecuta est, ut, per modum canonicae aggregationis, salutare institutum propagandum fovendumque curaret.

Id novissime solemniter sanxit SS.mus D. N. Benedictus Pp. XV, datis die 17 Aprilis 1921 Apostolicis Litteris in forma Brevis, quibus sedem Parisiensem recognovit Primariam, ac talem voluit jugiter reipsa existere; ita ut, ad ceterarum instar Archi-sodalitatum, quae jure gaudent sibi similes Associationes adsciscendi, potestate polleat Uniones eiusdem nominis ac instituti aggregandi, servata forma praescripta a S. Pontifice Clemente VIII necnon Sacris canonibus Codicis Juris canonici (speciatim can. 721-723), iisque omnes indulgentias et privilegia quibus potitur vel in posterum potietur (C. J. C., can. 722) communicandi.

Cum autem Moderatores Associationis Ernakulamensis juxta Codicem Juris canonici, can. 723, a Rev.mo Ordinario erectae et in scriptis commendatae, alteri Archisodalitati non aggregatae, a nobis, qui supradictae Archisodalitati, licet indigni, praesumus, postulaverint ut illam Nostrae conjungere seu aggregare velimus, Nos hanc piam voluntatem excipientes, perlibenter eorum precibus annuimus, atque Auctoritate Apostolica Nobis ut supra concessa, memoratam Societatem Nostrae

Archisodalitati in perpetuum conjungimus et aggregamus, eidemque, quas infra recensemus, omnes ac singulas indulgentias et privilegia Nostrae Archisodalitati directe et nominatim a Sede Apostolica impertitas, eo modo quo ipsi Primariae concessae sunt, quinimo illas etiam, quae forsan in posterum concedentur, communicamus.

Quae ut rata firmaque sint, hoc diploma tradendum curavimus Nostra manu subscriptum ac sigillo Nostrae Archisodalitatis munitum.

Nobis igitur ac Nostris predilectis fratribus adsit omnipotens Deus, favente misericordissima sua pietate Deipara, ut, spiritu nostrae vocationis imbuti, immarcescibilis tandem gloriae bravium comprehendentes, in Sanctorum congregemur Ecclesia.

Datum Parisiis, die 7 Martii 1922

A. Olichoy,
† Ass. Gen. Un. Ap.

———:o:———

Summarium Indulgentiarum et Privilegiorum Unioni Primariæ

SACERDOTUM SÆCULARIUM A SS. MO CORDE JESU A ROMANIS PONTIFICIBUS CONCESSORUM.

1. — Indulgentiae Plenariae.

Sodalibus, qui confessi ac S. Synaxi refecti, aliquam ecclesiam vel publicum Oratorium devote visitaverint ibique ad mentem Summi Pontificis oraverint :

1. — Die quo ipsi primum Sodalitio nomen dederint.

2. — Die quo, tyrocinio expleto, professionem emiserint.

3. — Festivitatibus quotannis Natalis, Circumcisionis, Ephiphaniae, Paschatis-Resurrectionis, Ascensionis, SS.mi Corporis Domini nostri Jesu Christi et Sacratissimi Cordis Jesu; item Conceptionis, Nativitatis, Annunciationis, Purificationis et Assumptionis B. Mariae Virginis Immaculatae festivitatibus, necnon quolibet festo natali die Sanctorum duodecim Apostolorum,

4 — In quolibet annuo conventu, pro recitatione actus consecrationis Sacro Cordi Jesu: "Domine Jesu Redemptor noster amantissime", una cum actu consecrationis B. Virgini: "Ad te uno animo".

5. — Quoties menstruo recessui operam navant (tam pro sodalibus quam pro aliis sacerdotibus ad idem pium opus incumbentibus).

II. — Indulgentiae partiales.

1. — *Centum dierum*, quoties menstruam vitae rationis notam ad respectivum Superiorem Diœcesanum juxta instituti tabulas mittant, et contrito saltem corde, semel, ad Romani Pontificis mentem, orationem Dominicam, salutationem Angelicam et trisagium (*Gloria Patri*) recitaverint.

2. — *Septem annorum et totidem quadragenarum*, quoties in spiritualibus conventibus qui solent haberi intra mensem praedictos actus consecrationis Socro Cordi Jesu et B Virgini contrito corde emiserint.

3. — *Trecentorum dierum*, quoties actum consecrationis Virgini contrito corde recitaverint.

4. — *Centum dierum, semel in die*, si orationem Unionis Apostolicae propriam, "Domine Jesu, ego, licet indignus", saltem contrito corde recitaverint.

III. — Privilegia.

1. — Privilegium personale altaris, quater in hebdomada.

2. — Facultas benedictionem papalem Christiano populo cum crucifixo ac sub unico signo crucis, juxta ritum formulamque praescriptam, cum plenaria addita indulgentia impertiendi, novissimo die sacrarum concionum quadragesimae, adventus, missionum et spritualium exercitiorum

3. — Facultas benedicendi extra Urbem, de consensu Ordinarii loci in quo hanc exercuerint facultatem, cruces, crucifixos, coronas precatorias et sacra numismata, ac metallicas parvas statuas Domini Nostri Jesu Christi, B. Mariae Virginis immaculatae et omnium quorumcumque Sanctorum, cum applicatione omnium et singularum indulgentiarum Apostolicarum

4. — Facultas adnectendi crucifixis indulgentiam plenariam dictam "Toties quoties", pro in articulo mortis constitutis;

5. — Facultas adnectendi indulgentias Patrum Praedictorum (exclusis indulgentiis propriis fidelibus inscriptis Confraternitati Rosarii), necnon eas, quae a Patribus Crucigeris appellantur, coronis marialis Rosarii.

6. — Facultas applicandi coronis precatoriis indulgentias a S. Birgitta nuncupatas.

7. — Privilegium quinque Scapularia (pro quibus facultate instructi iam sint) rite benedicendi atque imponendi unica sub formula; immo, occasione magni fidelium concursus (tempore vel peregrinationum vel missionum) eadem Scapularia conglobatim benedicendi cum dispensatione tradendi nomina singulorum inscriptorum, quoties id praescriptum sit.

Notandum. — Quoad conditiones, tam pro utentibus, quam pro iis ad quos haec privilegia referuntur, videantur respectiva documenta.

Die 3 Iunii 1921.

Sacra Pœnitentiaria Apostolica praesens Summarium uti authenticum recognovit typisque imprimi ac publicari permisit.

Datum Romae, ex Secretaria eiusdem S. Poenitentiariae, die, mense et anno uti supra.

B. COLOMBO, S. P., *Reg.*
Petrus Ravelli, *officialis.*

Visum et recognitum
LUDOVICUS, CARD. DUBOIS.
Arch. Parisiensis.

ALIA PRIVILEGIA.

1. — Facultas peragendi Missae sacrificium vel una ante auroram hora. (Cf. Cod. Juris canonici. Can. 821, § 1).

2. — Facultas anticipandi, prima hora post meridiem, Matutinarum Laudumque recitationem officii diei sequentis.

EX CONCESSIONE Rmi P. MINISTRI GENERALIS O. F. M.
(*Ad decennium. — Die* 10 *Julii* 1920):

3. — Facultas benedicendi (etiam in locis ubi Conventus Ordinis Minorum habentur) Cruces cum imaginibus Domini Nostri Jesu Christi

Crucifixi prominentibus...eisdemque applicandi omnes S. Viae Crucis indulgentias lucrandas ab infirmis et ab aliis quomodolibet a visitandis ejusdem Viae Crucis Stationibus legitime impeditis.

4. — Necnon facultas benedicendi et erigendi Sacras Viae Crucis stationes, praevia Ordinariorum licentia, in locis ubi Conventus O. M. non habentur, vel etiam in magnis civitatibus (supra 100000 oppidanorum) ub praedicti Conventus habentur.

വേദപ്രചാരസംഘം

—:o:—

ഞങ്ങളുടെ കഴിഞ്ഞ റിപ്പോർട്ടിനുശേഷം ക മുതലക്കോടം ഖ. തെക്കൻ പാവൂർ ന. മൈലക്കൊമ്പു് ര. കോനൂരത്തി ങ. ചേന്ദമംഗലം ഇങ്ങിനെ അഞ്ചു പള്ളികളിൽ ശാഖാസഭകൾ സ്ഥാപിച്ചിട്ടുള്ളതായി ഞങ്ങൾക്കു അറിവു കിട്ടിയിട്ടുണ്ടു. ഇതോടുകൂടി ഇപ്പോൾ രങ പള്ളികളിൽ സഭകൾ സ്ഥാപിച്ചിട്ടുണ്ടു്. എ. പൈ. പൈ. ബ. മെത്രാനച്ചൻ വേദപ്രചാരത്തെ സംബന്ധിച്ചു് എഴുതിയ ഇടയലേഖനം ക൯ഖ ഒക്ടോബർ ന-ാം തിയ്യതിയാണു്. അതിനുശേഷം ഏഴുമാസങ്ങൾ കഴിഞ്ഞു. ഈ നിട്ടും എറണാകുളംമിസ്സത്തിലുള്ള പകു പള്ളികളിൽ സഭതന്നെ സ്ഥാപിച്ചിട്ടില്ലെന്നു പറയേണ്ടിവന്നതിൽ ഏറ്റവും വ്യസനിക്കുന്നു. ഈ മിസ്സത്തിൽ൯നു ഇടവകപള്ളികളാണല്ലൊ ഉള്ളതു്. ഇവയിൽ മുമ്പുപറഞ്ഞതുപോലെ രങ പള്ളികളിൽ മാത്രമെ ഇതേവരെ സഭ സ്ഥാപിച്ചിട്ടുള്ളു. സഭകൾ സ്ഥാപിച്ചിട്ടില്ലാത്ത ഇടവകകളിൽ ഉടനെ ശാഖാസഭകൾ ഏർപ്പെട്ടുത്തേണ്ടതിനു് വേണ്ടശ്രമങ്ങൾചെയ്യണമെന്നു ആ ഇടവകകളിലെ ബ. വികാരിഅച്ചന്മാരോടു ഞങ്ങൾ പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു.

കഴിഞ്ഞ റിപ്പോർട്ടിനുശേഷം തൈക്കാട്ടശ്ശേരിയിലും പുത്തൻപള്ളിയിലും ഞായറാഴ്ച പിരിവെടുത്തു തുടങ്ങിയിട്ടുള്ളതായി ഞങ്ങൾക്കു് അറിവു കിട്ടിയിട്ടുണ്ടു്. ചേന്ദമംഗലത്തും കോനൂരത്തിയിലും സഭകൾ സ്ഥാപിച്ചപ്പോൾ ഞായറാഴ്ച പിരിവു എടുക്കുന്നതിനും തീർച്ചയാക്കിയിട്ടുള്ളതായി അവിടെനിന്നും വന്ന എഴുത്തുകളിൽ കാണുന്നു. അതനുസരിച്ചു് ഈ പിരിവു ആ രണ്ടു സ്ഥലത്തും എടുക്കുന്നുണ്ടെന്നു വിശ്വസിക്കാം. ഇവയോടുകൂടി ഇപ്പോൾ ക൨ പള്ളികളിൽ ഈ പിരിവു എടുത്തുവരുന്നു.

ഞങ്ങളുടെ കഴിഞ്ഞ റിപ്പോർട്ടിനുശേഷം മെമ്പന്മാരുടെ പേരും പണവും വന്നതിനുള്ള കണക്കു താഴെ ചേർക്കുന്നു. കോതമംഗലത്തുനിന്നു

മുമ്പു ഏതെ അംഗങ്ങളുടെ പേരും പണവും അയച്ചുതന്നിട്ടുള്ളതിനും പുറമെ പുതുതായി ഏ അംഗങ്ങളെചേർത്തു പണം അയച്ചുതന്നിട്ടുണ്ട്. ഇതുപോലെതന്നെ ആരക്കുഴിനിന്നു നവീന മെമ്പന്മാരുടെ പണമടച്ചു സർട്ടിഫിക്കെറ്റുകൾ വാങ്ങിച്ചിട്ടുണ്ടായിരുന്നു. ഇപ്പോൾ പുതുതായി നവ പേരെ കൂടി ചേർത്തു പേരും പണവും അയച്ചുതന്നിരിക്കുന്നു. ഇവ കൂടാതെ ആദ്യമായി പുത്തൻപള്ളിയിൽനിന്നു ഏതെ പേരുടെയും, കുലശേഖരമംഗലത്തുനിന്നു നീ പേരുടെയും, കാവിൽനിന്നു ഫൻ പേരുടെയും, വല്ലകത്തുനിന്നു സ്തീ പേരുടെയും, വല്ലത്തുനിന്നു ഏതെ പേരുടെയും ലിസ്റ്റും പണവും കിട്ടിയിട്ടുണ്ട്. ഇതിൽ പുത്തൻപള്ളിയിൽ നീ, കുലശേഖരമംഗലത്തു രു, വല്ലകത്തു ഒ, വല്ലത്തു ഒ ഇങ്ങിനെ പ്രത്യേക സാമാജികന്മാരുമുണ്ട്. പണം വന്നതിനു കണക്ക്.

വല്ലകത്തുപള്ളി വ ഒ ഒ, വല്ലത്തു ഒ ഫു ം, കാവിൽ ഫ ഫൻ ം, കുഞ്ഞൂർ നു ം ന്യ, ആരക്കുഴ നു ം നു, പുത്തൻപള്ളി (മാനമ്പാടി) ഫു ന്യ ം, കുഴിപ്പള്ളി ഫു ം ം, ചാലി ഏതെ ം ം, കോതമംഗലം നു ം ഠ, എറണാകുളം ഫാ വ ം.

ഞങ്ങൾ കഴിഞ്ഞ തവണ റിപ്പോർട്ട് എഴുതിയതിനുശേഷം ഞങ്ങൾക്കു അറിവു കിട്ടിയിട്ടുള്ള മാനസാന്തരങ്ങളെപ്പറ്റി കൂടിപറഞ്ഞുകൊണ്ടു ഇത്തവണത്തെ റിപ്പോർട്ട് അവസാനിപ്പിക്കാം. കഴിഞ്ഞ റിപ്പോർട്ടിൽ ആരക്കുഴ നവ പുലയർ ജ്ഞാനസ്നാനപ്പെടുന്നതിനു പഠിച്ചു തയ്യാറായി വരുന്നതായി എഴുതിയിരുന്നല്ലൊ. അവരെല്ലാം ജ്ഞാനസ്നാനപ്പെട്ട എന്നും ഇപ്പോൾ അവിടെതന്നെ രം പുതിയ ആളുകൾ മാനസാന്തരപ്പെടുന്നതിനായി ഭോദോപദേശം പഠിച്ചുവരുന്നു എന്നും ഞങ്ങൾക്കു അറിവു കിട്ടിയിട്ടുണ്ട്. മുതലക്കോടത്തു ഫന പുലയർ മാനസാന്തരപ്പെട്ടു. ഇപ്പോൾ ഫു പേർ പഠിച്ചുവരുന്നുമുണ്ട്. കോതുരുത്തിയിൽ സഭ സ്ഥാപിച്ചിട്ടു കഷ്ടിച്ചു ഒരു മാസത്തോളമെ ആയിട്ടുള്ളു. എങ്കിലും അവിടെ ഇതേ വരെ ഫു പുലയർ മാമ്മോദീസാമുങ്ങി. അവിടെ കുറെപേർകൂടി നമ്മുടെ സഭയിലേക്കു ചേരുന്നതിനു എളുപ്പമുണ്ട്. പുത്തൻപള്ളിയിൽ ഒരു ചെട്ടിയും ഒരു ഈഴവസ്ത്രീയും ഒരു പുലയനും ഈ അടുത്തകാലത്തു ജ്ഞാനസ്നാനപ്പെട്ടിട്ടുണ്ട്. തൃപ്പൂണത്തുറ ഒരു മാന്യ യാക്കോബായകുടുംബത്തിലെ അംഗവും ഒരു ശമ്മാശനും ആയ വടയാടി ബ. ഗീവറുഗീസ് ശമ്മാശൻ യാക്കോബായസഭയെ ഉപേക്ഷിച്ചു നമ്മുടെ സത്യസഭയിലേക്കു കീഴ്പ്പെട്ടു എന്നുള്ള സംഗതി പ്രത്യേകം പ്രസ്താപയോഗ്യമാണ്. ഇതിനെ തുടർന്നു അവിടെയുള്ള പല യാക്കോബായക്കാരും നമ്മുടെ സഭയിലേക്കു ചേർന്നു എന്നു വരാം. തൃപ്പൂണിത്തുറ കത്തോലിക്കാ പള്ളിയിൽ കഴിഞ്ഞ ഉയർപ്പിൻറെ

ഉച്ചകുർബ്ബാന ചൊല്ലിയതും പ്രസംഗം ചെയ്തതും പൂലയൻകാട്ടി ബ. യോ ഹന്നാൻകത്തനാരാണ്. ഇഹേം മുമ്പു ഒരു യാക്കോബായ വൈദികനായി രുന്നആളും കുറച്ചുമുമ്പു കോട്ടയംമെത്രാനച്ചനാൽ നമ്മുടെസഭയിലേക്കു സ്വീ കരിക്കപ്പെട്ടിട്ടുള്ളദേഹവുമാണ്. ഇദ്ദേഹത്തിന്റെ കുർബ്ബാന കാണുന്നതി നുംപ്രസംഗം കേൾക്കുന്നതിനും വളരെ യാക്കോബായക്കാർ വന്നിരുന്നു. അവിടെ ഉയർപ്പിന്റെപ്രദക്ഷണം നടത്തിയതു് തുമ്പുണ്ണിത്തുറ പള്ളിയുടെ ബ. വികാരി അച്ചനും ടി. യോഹന്നാൻ അച്ചനും വടയാടി ബ. ശീഷു ഭീസ് ശമ്മാശനും കൂടിയാണ്.

ശമ്മാശ്ശന്റെ മനസ്സുതിരിവും മുൻപറഞ്ഞ മറു സംഗതികളും തുമ്പു ണ്ണിത്തുറയുള്ള യാക്കോബായക്കാരുടെ ഇടയിൽ ഒരു ഇളക്കം ഉണ്ടാക്കീട്ടുള്ളതി നുള്ളതിനു സംശയമില്ല. ശരിയായ വൃക്ഷത്തിൽനിന്നും വെട്ടിമാറ്റപ്പെട്ട കൊമ്പു വാടി ഉണങ്ങി നാമാവശേഷമായിപ്പോകാൻ തുടങ്ങിയിരിക്കുന്നു എ ന്നു നിമ്മത്സരബുദ്ധികൾക്കെല്ലാം പ്രത്യക്ഷത്തിൽ മനസ്സിലാക്കാവുന്ന ഇ ക്കാലത്തു് യാക്കോബായസഭയിൽനിന്നു വളരെ പേർ നമ്മുടെ സഭയിലേക്കു ചേരുമെന്നു നമുക്കു ന്യായമായി ആശിക്കാവുന്നതാണ്. ഇതിനു വൈകാതെ സംഗതി വരുത്തട്ടെ.

എറണാകുളം, മെയ് ഏപ്രിൽ ൽസവ. } വേദപ്രചാരസംഘസെക്രട്ടരിമാർ

കുറിപ്പുകൾ.

ഇക്കഴിഞ്ഞ ന. കു. ഉയിർപ്പ്തിരുനാൾ ദിവസം (ഏപ്രിൽ ൽസ്വാം നു) തൊടുപുഴ താലൂക്കിൽ അറക്കുളം എന്ന സ്ഥലത്തു പുതുതായി ഒരു പള്ളി സ്ഥാപിക്കയും കുർബ്ബാനചൊല്ലുകയും ഉണ്ടായി.

* * *

മെത്രാനച്ചൻ അവർകൾ ചെങ്ങൽ ചെന്നതിന്റെശേഷം മുളന്തു നല്ലൂർ ഒഴിച്ചുള്ള പള്ളികളുടെ വിസീത്തപ്രോഗ്രാമിൽ, കൃഷിസംബന്ധിച്ചു ജനങ്ങൾക്കു ചില അസൌകര്യങ്ങൾ വന്നതിനാൽ, ചില മാറ്റങ്ങൾ ചെയ്തിട്ടുണ്ട്. ആകയാൽ തിരികെ എറണാകുളത്തു് മെയിമാസം സ്വാഗ തിയുടെയെ വരികയുള്ളൂ.

* * *

« മിസ്സത്തിന്റെ » വരിപ്പണം (ക. വ) തന്നിട്ടില്ലാത്തവർ ഉടനെ അ യച്ചുതരുമല്ലൊ.

PRINTED AND PUBLISHED BY
REV. BRO. FRANCIS AT THE MAR LOUIS MEMORIAL PRESS,
ERNAKULAM